**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3846** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഫോറൻസിക് സയൻസിൽ പ്രാവീണ്യം വേണ്ട നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഫോറൻസിക് സയൻസിൽ പ്രാവീണ്യം ആവശ്യമുള്ള ഏതൊക്കെ തസ്തികകളാണ് സർക്കാർ മേഖലയിൽ ഉള്ളതെന്ന് അറിയിക്കാമോ; | (എ) | ഫോറൻസിക് സയൻസ് മാത്രം അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾ ഒന്നും തന്നെ ആഭ്യന്തര വകുപ്പിൽ ഇല്ല. ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ വിവിധ തസ്തികകളിലെ നിയമനങ്ങൾക്കായി 31/01/2014-ലെ സ.ഉ.(അച്ചടി) നം.19/2014/ആഭ്യന്തരം പ്രകാരമുള്ള വിശേഷാൽ ചട്ടം നിഷ്കർഷിച്ചിട്ടുള്ള യോഗ്യത പ്രകാരം നിയമനങ്ങൾ നടത്തി, ഫോറൻസിക് സയൻസ് സംബന്ധമായ വിഷയങ്ങളിൽ വേണ്ട പരിശീലനം നൽകി വരുന്നു. |
| (ബി) | പ്രസ്തുത തസ്തികകളിൽ ഫോറൻസിക് സയൻസിൽ ബിരുദം ഉള്ളവരെയാണോ അതോ മറ്റ് യോഗ്യതയുള്ളവരെയാണോ നിയമിക്കുന്നതെന്ന് വിശദാംശങ്ങൾ സഹിതം അറിയിക്കാമോ; | (ബി) | ഫോറൻസിക് സയൻസ് മാത്രം അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾ ഒന്നും തന്നെ ആഭ്യന്തര വകുപ്പിൽ ഇല്ല. ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ വിവിധ തസ്തികകളിലെ നിയമനങ്ങൾക്കായി 31/01/2014-ലെ സ.ഉ.(അച്ചടി) നം.19/2014/ആഭ്യന്തരം പ്രകാരമുള്ള വിശേഷാൽ ചട്ടം നിഷ്കർഷിച്ചിട്ടുള്ള യോഗ്യത പ്രകാരം നിയമനങ്ങൾ നടത്തി, ഫോറൻസിക് സയൻസ് സംബന്ധമായ വിഷയങ്ങളിൽ വേണ്ട പരിശീലനം നൽകി വരുന്നു. |
| (സി) | ശാസ്ത്രീയമായ കുറ്റാന്വേഷണത്തിന് ഫോറൻസിക് സയൻസിലുള്ള ബിരുദം ഏറ്റവും അത്യാവശ്യം ആകയാൽ പ്രസ്തുത യോഗ്യതയുള്ളവർ കേരളത്തിൽ ലഭ്യമാണോ എന്നറിയിക്കാമോ; ഫോറൻസിക് വിഭാഗങ്ങളിൽ മറ്റ് യോഗ്യതയുള്ളവരെ നിയമിക്കുന്നത് കുറ്റാന്വേഷണം ഫലപ്രദമാകുന്നതിന് തടസ്സമാകുന്നുണ്ടോ എന്നത് പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുമോ? | (സി) | ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ വിവിധ തസ്തികകളിലെ നിയമനങ്ങൾക്കായി 31/01/2014-ലെ സ.ഉ.(അച്ചടി) നം.19/2014/ ആഭ്യന്തരം പ്രകാരമുള്ള വിശേഷാൽ ചട്ടം നിഷ്കർഷിച്ചിട്ടുള്ള യോഗ്യത പ്രകാരം നിയമനങ്ങൾ നടത്തി, ഫോറൻസിക് സയൻസ് സംബന്ധമായ വിഷയങ്ങളിൽ വേണ്ട പരിശീലനം നൽകുന്നതിനാൽ കുറ്റകൃത്യങ്ങളിലെ ശാസ്ത്രീയ പരിശോധനകൾ കാര്യക്ഷമമായും ഫലപ്രദമായും പൂർത്തീകരിക്കുവാൻ സാധിക്കുന്നു. നേരിട്ടുള്ള നിയമനത്തിന് യോഗ്യരായ |

| | | | |
|---|---|---|---|
| | | | ഉദ്യോഗാർത്ഥികളെ കണ്ടെത്തി നൽകുന്നത് പി.എസ്.സി. മുഖേനയാണ്. ആയതിനാൽ, ഉദ്യോഗാർത്ഥികളുടെ ലഭ്യത വകുപ്പ് പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ